ഭരണഭാഷ മാതൃഭാഷ

നമ്പർ. E132407 TRY/379/2025 (ETRY 3)

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
10-03-2025

## പരിപത്രം നം. 05/2025

വിഷയം:- ട്രഷറി വകുപ്പ്-കേരളത്തിലെ വിവിധ ട്രഷറികളിൽ കളക്ഷനുവേണ്ടി വിവിധ ഇടപാടുകാർ കൊണ്ടുവരുന്ന ചെക്കുകൾ ബാങ്കിലേക്ക് അയക്കുന്നത്-സംബന്ധിച്ച്.

സൂചന:- വിവിധ ഇടപാടുകാരിൽ നിന്നും ബാങ്കുകളിൽ നിന്നും ലഭിച്ച പരാതികൾ.

ട്രഷറികളിൽ ഇടപാടുകാർ കൊണ്ടുവരുന്ന DD/Cheque കളക്ഷൻ ചലാനുകൾ/SB റസീപ്റ്റുകൾ ബാങ്കിൽ സമർപ്പിക്കുന്നതിനായി ഇടപാടുകാർക്ക് തന്നെ തിരികെ നൽകുന്നതായും ഇത് ഇടപാടുകാർക്കും ബാങ്ക് അധികൃതർക്കും ധാരാളം ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായുമുള്ള നിരവധി പരാതികൾ ലഭ്യമായിട്ടുണ്ട്.

നിലവിൽ വിവിധ തരത്തിലുള്ള ചലാനുകൾ/SB റസീപ്റ്റുകൾ DD/Cheque എന്നിവയോടൊപ്പം കളക്ഷനുവേണ്ടി ട്രഷറിയിൽ സമർപ്പിക്കുന്നുണ്ട്.

- വിവിധ ഓഫീസുകളിൽ നിന്ന് സമർപ്പിക്കുന്ന DD/ Cheque എന്നിവയോടൊപ്പമുള്ള മാന്വൽ ചലാനുകൾ/SB റസീപ്റ്റുകൾ.
- ഇ-ട്രഷറി വഴി തുക ഒടുക്കുന്നതിനായി പൊതുജനങ്ങൾ ചലാൻ ജനറേറ്റ് ചെയ്ത് DD Cheque എന്നിവയോടൊപ്പം ട്രഷറിയിൽ സമർപ്പിക്കുന്നവ.
- ഇ-ട്രഷറിയുമായി സംയോജിപ്പിച്ചിട്ടുള്ള വകുപ്പുകളുടെ പോർട്ടലിൽ നിന്ന് വരുന്ന DD/Cheque എന്നിവയോടൊപ്പമുള്ള ചലാനുകൾ.

ഇത്തരം കളക്ഷൻ ചലാനുകളുമായി ബന്ധപ്പെട്ട പരാതികൾ ഒഴിവാക്കുന്നതിലേക്കായി ചലാനോടൊപ്പം ചെക്ക്/ഡിഡി എന്നിവ ട്രഷറികളിൽ സമർപ്പിക്കുമ്പോൾ താഴെ പറയുന്ന നിർദ്ദേശം എല്ലാ

ട്രഷറി ഓഫീസർമാരും പാലിക്കേണ്ടതാണ്.

1. **DD/Cheque** എന്നിവയോടൊപ്പമുള്ള മാന്വൽ ചലാനുകൾ/**SB** റസീപ്റ്റുകൾ എന്നിവ ട്രഷറിയിൽ സ്വീകരിച്ച് കഴിഞ്ഞാൽ **Accountant, CREDIT/CoreTSB**-ൽ ചേർത്ത് നമ്പറിട്ട് ജൂനിയർ സൂപ്രണ്ടിന്/**SB** പാസിംഗ് ഓഫീസർക്ക് കൺഫേം ചെയ്യാനായി നൽകേണ്ടതാണ്.
2. ഇ-ട്രഷറി വഴി പൊതുജനങ്ങൾ ജനറേറ്റ് ചെയ്യുന്നതും ഇ-ട്രഷറിയുമായി സംയോജിപ്പിച്ചിട്ടുള്ള വകുപ്പുകളുടെ പോർട്ടലിൽ നിന്നും **DD/Cheque** എന്നിവയോടൊപ്പം സമർപ്പിക്കുന്ന ചലാനുകൾ **CREDIT** ആപ്ലിക്കേഷനിലെ **Change Receipt Type** എന്ന മെനുവിലെ **Dept Pay-in-slip to Bank Recpt** എന്ന സബ് മെനുവിലൂടെ ബാങ്കിലേക്ക് അയക്കേണ്ടതാണ്.
3. **JS/SBPO** ചലാനുകൾ കൺഫേം ചെയ്തതും **Change Receipt Type** എന്ന മെനുവിലെ **Dept Pay-in-slip to Bank Recpt** എന്ന സബ് മെനുവിലൂടെ ബാങ്കിലേക്ക് അയച്ചതുമായ എല്ലാ ചലാനുകൾ/ **SB** റസീപ്റ്റുകൾ എന്നിവ ക്രോഡീകരിച്ച് **statement** സഹിതം അന്നേ ദിവസം ബാങ്കിലേക്ക് സമർപ്പിക്കേണ്ടതാണ്.
4. ഒരു ദിവസം രണ്ടോ മൂന്നോ പ്രാവശ്യമായി തിരക്കനുസരിച്ച് ഇവ ബാങ്കിന് കളക്ഷനുവേണ്ടി നൽകേണ്ടതാണ്.
5. **Registration** വകുപ്പിന്റെ വസ്തു രജിസ്ട്രേഷൻ പോലുള്ള **സമയബന്ധിതമായി സേവനം നേടേണ്ടവ/High value ഇടപാടുകൾ** ചലാൻ സ്വീകരിച്ച് കഴിഞ്ഞാൽ ഒരു മണിക്കൂറിനുള്ളിൽ തന്നെ ബാങ്കിൽ സമർപ്പിക്കേണ്ടതാണ്.
6. ബാങ്കിൽ നൽകുന്ന ചലാനുകളെല്ലാം സമയബന്ധിതമായി ബാങ്ക് കളക്ഷനാക്കി/റിജെക്റ്റ് ചെയ്ത് തിരികെ നല്കിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട **Accountant/JS/STO** ഉറപ്പുവരുത്തേണ്ടതാണ്.

ബാങ്കുകൾ കളക്ഷൻ ക്ലിയർ ചെയ്യാത്ത പക്ഷം പ്രസ്തുത വിവരം ബാങ്കിനെ അറിയിച്ച് കളക്ഷൻ പൂർത്തീകരിക്കാനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കളക്ഷനുവേണ്ടി സമർപ്പിക്കുന്ന എല്ലാ ചലാനുകളും/**SB** റസീപ്റ്റുകളും പ്രത്യേക രജിസ്റ്ററിൽ സീരിയൽ നമ്പർ, ചെക്ക് വിവരങ്ങൾ സഹിതം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

Signed by
Sajan V
Date: 10-03-2025 15:43:43
DIRECTOR